<u>പതിമൂന്നാം കേരള നിയമസഭ</u>

<u>പതിനൊന്നാം സമ്മേളനം</u>

നക്ഷത്രചിഹ്നമിടാത്ത
ചോദ്യം നം 2602

18.06.2014 ലെ മറുപടിക്ക്

<u>പിൽഗ്രിം സർക്യൂട്ട് പദ്ധതി</u>

| <u>ചോദ്യം</u> | <u>ഉത്തരം</u> |
|---|---|
| ശ്രീ. ജോസഫ് വാഴക്കൻ<br>ശ്രീ. റ്റി. എൻ. പ്രതാപൻ<br>ശ്രീ. വി. ഡി. സതീശൻ<br>ശ്രീ. എ. റ്റി. ജോർജ് | ശ്രീ. എ.പി.അനിൽകുമാർ<br>(ബഹു.പട്ടികജാതി - പിന്നോക്ക സമുദായക്ഷേമവും വിനോദസഞ്ചാരവും വകുപ്പു മന്ത്രി) |
| എ) വിനോദസഞ്ചാര വകുപ്പിന്റെ ആഭിമുഖ്യത്തിൽ പിൽഗ്രിം സർക്യൂട്ട് പദ്ധതി രൂപീകരിച്ചിട്ടുണ്ടോ ; വിശദമാക്കുമോ ;<br><br>ബി) പ്രസ്തുത പദ്ധതിയുടെ ഉദ്ദേശ്യലക്ഷ്യങ്ങൾ വിശദമാക്കുമോ;<br><br>സി) പ്രസ്തുത പദ്ധതിയനുസരിച്ച് തീർത്ഥാടകർക്ക് എന്തെല്ലാം സൗകര്യങ്ങളാണ് ലഭിക്കുന്നതെന്ന് വിശദമാക്കുമോ;<br><br>ഡി) ഏതെല്ലാം ഏജൻസികളാണ് പദ്ധതിനടത്തിപ്പുമായി സഹകരിക്കുന്നത് ; വിശദാംശങ്ങൾ നൽകുമോ? | എ) യും ബി) യും സി) യും ഡി) യും<br>പിൽഗ്രിം സർക്യൂട്ട് എന്ന പേരിൽ ഒരു പദ്ധതി ടൂറിസം വകുപ്പ് നടപ്പാക്കിയിട്ടില്ല. എന്നാൽ വിവിധ മത വിഭാഗങ്ങളുടെ ചരിത്ര പ്രാധാന്യമുള്ള പ്രമുഖ ആരാധനാലയങ്ങളെ ബന്ധപ്പെടുത്തി ടൂറിസം പ്രോത്സാഹിപ്പിക്കാനായി 'മൾട്ടി ഫെയ്ത്ത് ടൂർ' എന്ന പേരിൽ ഒരു പദ്ധതി കെ.റ്റി.ഡി.സി. നടപ്പാക്കുന്നുണ്ട്. തീർത്ഥാടക കേന്ദ്രങ്ങളിലേക്ക് കൂടുതൽ തീർത്ഥാടക ടൂറിസ്റ്റുകളെ ആകർഷിക്കുകയാണ് പദ്ധതിയുടെ ലക്ഷ്യം. പദ്ധതിയുടെ ഭാഗമായി തീർത്ഥാടന കേന്ദ്രങ്ങളിൽ വിശ്രമസങ്കേതങ്ങളും അടിസ്ഥാന സൗകര്യങ്ങളും ഒരുക്കി നൽകുകയും തീർത്ഥാടനം ക്ലേശരഹിത മാക്കുകയും ചെയ്യുന്നു. ഇതു സംബന്ധിച്ച് കൂടുതൽ വിശദാംശങ്ങൾ രൂപപ്പെട്ടു വരുന്നതേയുള്ളൂ. |

സെക്ഷൻ ഓഫീസർ